## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.651 28.09.2016-ൽ മറുപടിയ്ക്ക്

### ബൈപ്പാസ് നിർമ്മാണത്തിന് പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| എ | കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ എന്തായെന്ന് വ്യക്തമാക്കുമോ; | എ യും ബി യും | കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ 200 എം.എം.ഡി.ഐ പൈപ്പുകൾ റോഡിന്റെ സൈഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി റോഡിന്റെ ഫോർമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ. ആയതിന്റെ ഒന്നാംഘട്ടം പ്രവൃത്തിക്ക് (ഉദ്ദേശം 2 കി.മീ) 30 ലക്ഷം രൂപയും ബാക്കി പ്രവൃത്തിക്ക് (ഉദ്ദേശം 2 കി.മീ) 60 ലക്ഷം രൂപയും ഉദ്ദേശം ചിലവ് വരും. റോഡിന്റെ ഫോർമേഷൻ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം മാത്രമേ കൃത്യമായ എസ്റ്റിമേറ്റ് എടുക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി | പൈപ്പ് ലൈനുകൾ അടിയന്തരമായി മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ